"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.ഈശ്വര പ്രസാദ് സി. എം-ന്റെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ കാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.654/2023/AGRI    തീയതി,തിരുവനന്തപുരം, 04-07-2023

---

പരാമർശം:-

1 സർക്കാർ ഉത്തരവ് (സാധാ) നം.386/2021/ കൃഷി തീയതി . 30/4/2021

2 അക്കൗണ്ടന്റ് ജനറലിന്റെ 06/06/2022 ലെ GE16/D/6C-16/147 നമ്പർ കത്ത്.

3 കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 09/03/2023 തീയതിയിലെ ADFW/4071/2022-SB4നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറായി പരാമർശം ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് ഹോർട്ടികോർപ്പിൽ ജില്ലാ മാനേജരായി അന്യത്ര സേവനവ്യസ്ഥയിൽ നിയമിതനായ ശ്രീ ഈശ്വര പ്രസാദ് സി. എം. 09 /06/ 2021 പൂർവ്വാഹ്നം ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചുവെന്നും പരിവീക്ഷാക്കാലയളവിൽ ടിയാളുടെ ജോലിയും സ്വഭാവും തൃപ്തികരമായിരുന്നുവെന്ന് മേലധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പരിവീക്ഷാകാലയളവിൽ വേലവിലക്കോ മറ്റ് ശിക്ഷാനടപടികളോ ഉണ്ടായിട്ടില്ലായെന്ന് ടിയാൻ സ്വയം സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും പരിവീക്ഷാകാലയളവിൽ ടിയാൾ ആകസ്മിക അവധി ഒഴികെ മറ്റ് അവധിയൊന്നും വിനിയോഗിച്ചിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമശം 2 പ്രകാരം അറിയിച്ചിരിക്കുന്നുവെന്നും ടിയാൾക്കെതിരെ അച്ചടക്കനടപടി - വിജിലൻസ് അന്വേഷണം നിലവിലില്ലായെന്ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സ്പെഷ്യൽ വിജിലൻസ് സെൽ അറിയിച്ചിട്ടുണ്ട് എന്നും ആയതിനാൽ ടിയാളുടെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ പരിവീക്ഷാകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ഹോർട്ടി കോർപ് മാനേജിങ് ഡയറക്ടറുടെ ശുപാർശ സഹിതം പരാമർശം (3) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, 09/06/2021 പൂർവ്വാഹ്നം കൃഷി അസിസ്റ്റന്റ് ഡയറക്ടറായി ജോലിയിൽ പ്രവേശിച്ച ശ്രീ. ഈശ്വര പ്രസാദ് സി. എം.

ന്റെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ പരിവീക്ഷാ കാലം **09/12/2021** പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ് സാബിർ ഹുസൈൻ**
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ശ്രീ. ഈശ്വര പ്രസാദ് സി. എം., കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം).
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(EA1/71/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ